(സി) സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ കീഴിലുള്ള പൊതുമരാമത്ത് ജോലികളുടെ അടങ്കൽ തുകയുടെ ഒരു ശതമാനം അവർ തന്നെ പിരിച്ച് ബോർഡിൽ ഏൽപ്പിക്കുന്നുണ്ട്. മറ്റ് നിർമ്മാണ പ്രവർത്തനങ്ങളുടെ സെസ്സ് ഈടാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഉദിക്കുന്നില്ല.

കുറി കമ്പനികളിലെ തൊഴിലാളികൾക്ക് മിനിമം വേജസ്

73 (1740) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കുറി കമ്പനികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് പുതിയതായി മിനിമം വേജസ് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) മിനിമം വേജസ് നിശ്ചയിക്കുന്നതിനായി ഈ മേഖലയിൽ പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ കമ്മിറ്റിയുടെ ചെയർമാൻ, അംഗങ്ങൾ തുടങ്ങിയവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് അംഗീകാരമുള്ള സ്ഥാപനങ്ങൾ എത്ര ; ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. പ്രത്യേക മിനിമം വേതനകമ്മിറ്റി രൂപീകരിക്കുന്നതിനുള്ള പാനൽ ലഭിച്ചിട്ടുണ്ട്. അതു പരിശോധിച്ചുവരുന്നു.

(സി) ഏകദേശം 4,384-ഓളം തൊഴിലാളികൾ ജോലി ചെയ്യുന്നു.

ബാർബർ തൊഴിലാളികൾക്ക് ക്ഷേമനിധി

74 (1741) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർബർ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ഈ വിഭാഗം തൊഴിലാളികൾക്ക് എന്നു മുതൽ ക്ഷേമനിധി ആനുകൂല്യം ലഭിച്ചു തുടങ്ങും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ബാർബർ തൊഴിലാളികൾക്കും അലക്കു തൊഴിലാളികൾക്കും കൂടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ കരടു ബില്ലിന് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇത് അടുത്ത നിയമ സഭാ സമ്മേളനത്തിൽ അവതരിപ്പിക്കാൻ കഴിയുമെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly